ജി എച്ച് എസ് എസ് അഷ്ടമുടി

ഡിജിറ്റൽ മാഗസിൻ

# വിരൽത്തുമ്പിലെ വിസ്മയങ്ങൾ






# ഉള്ളടക്ക പട്ടിക


## വിരൽ തുമ്പത്തെ വിസ്മയങ്ങൾ

ഡിജിറ്റൽ മാഗസിൻ........1
ഉള്ളടക്ക പട്ടിക........2
എഡിറ്റോറിയൽ........4
ആശംസകളോടെ എച്ച് എം ശ്രീകുമാർ........5
ആശംസകളോടെ ആനി കടവൂർ ടീച്ചർ........6
ഗുരു വന്ദനം........7
പ്രഭാത ചിന്തയുടെ ചില ഓർമ്മപ്പെടുത്തലുകൾ........8
കൃഷ്ണനെവിടെ........9
മലയാള കവിത........10
പെണ്ണ്........11
എഴുത്തച്ഛൻ........12
ഇന്നലെ പെയ്ത മഴ........13
പൂമ്പാറ്റ........14
മിന്നാമിനുങ്ങ്........15
കാക്ക........16
കുഞ്ഞുറുമ്പിന്റെ വീട്........17
കടൽ........18
പൂമൊട്ട്........19
നദി........20
മഞ്ഞുപെയ്യുന്ന രാവിൽ........21
മനസ്സ്........22
ഗുരുവും ശിഷ്യനും........23
അദ്ധ്വാനത്തിൻെറ മഹത്വം........24
അമ്മ........25
ചിത്ര ജാലകം........26
ജലം........27
അസ്തമയം........28
പഴഞ്ചൊല്ലുകൾ........29
താരകങ്ങൾ........30
പുലരി........31
അറിവിന്റെ നുറുങ്ങുകൾ........32
സോഫിയ (റോബോട്ട്)........33
ലിനസ് ടോർവാൾഡ്സ്........34
നാനോടെക്നോളജി........35

കണക്കിലെ കളികൾ....................................................................................................36
ആഗോളവൽക്കരണം....................................................................................................37
നന്ദി....................................................................................................38
പ്രവാസി....................................................................................................39

# എഡിറ്റോറിയൽ

വിദ്യാഭ്യാസത്തിന്റെ അതിര് വരമ്പുകൾ ഇല്ലാതായി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത് കേവല പാഠപുസ്തകങ്ങളിലൂടെയുള്ള അറിവുകൾക്കപ്പുറം വിവര സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള ഒരു ബോധന പ്രക്രിയയാണ് ഇന്നത്തെ വിദ്യാഭ്യാസ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത് .ഇതിന്റെ തുടർച്ചയായി ആധുനിക തലമുറയെ അതിന്റെ ഗുണ ദോഷങ്ങളെ പറ്റി ബോധവാന്മാർ ആക്കുക. പുതിയ സാങ്കേതിക മേഖലകൾ പരിചയപ്പെടുത്തുക വൈദഗ്ധ്യതോടെ ഉപയോഗിക്കുക. തനിക്കു യോജിച്ച മേഖല കണ്ടെത്തുക തുടങ്ങിയവയിലെല്ലാം ലിറ്റിൽ കൈറ്റ്സ് നക്ഷത്രങ്ങളെ പോലെ തിളങ്ങട്ടെ എന്ന് ആശംസിക്കുന്നു



# ആശംസകളോടെ എച്ച് എം ശ്രീകുമാർ






## ആശംസകളോടെ ആനി കടവൂർ ടീച്ചർ

ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച അത്ഭുതാവഹമാണ്.ഏറ്റവും വേഗത്തിൽ കുതിച്ച്

ഉയരുന്നശാസ്ത്രസാങ്കേതികമേഖലകൾഐ.ടിമേഖലകളിലെവിപ്ളവം തൊഴിൽമേഖലകളിലെ ഒക്കെ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം വളർന്നു കഴിഞ്ഞതിൻെറ തെളിവാണ് ലിറ്റിൽ

കൈറ്റ്സ് എന്ന ഈ വലിയ സംരംഭം സ്കൂളുകളിൽ ആരംഭിച്ചത്. ആശയങ്ങൾ

രൂപപ്പെടുക,പ്രവർത്തനമേഖലയിലെ അനന്ത സാധ്യതകൾ വിപുലപ്പെടുത്തുക പ്രശ്നങ്ങൾ നമ്മെ വളർത്തും ആശയസമ്പനരാകും അതിസങ്കീർണ്ണമായ പ്രശ്നങ്ങളെ വേണ്ടവിധം കൈകാര്യം ചെയ്യാൻകഴിയാതെ വരുമ്പോഴാണ്പല വ്യക്തികളും പ്രസ്ഥാനങ്ങളും

തകരുന്നത്.പ്രശ്നങ്ങളുടെ ചക്രവ്യൂഹം ഭേദിക്കാനാകാതെ ജീവിതത്തിൽ നിന്ന്

ഒളിച്ചോടുന്നവരുണ്ട്.പരീക്ഷണങ്ങളുടെ കടമ്പ കടക്കാനായാൽ വിജയത്തിൻെറ ഒരു

വസന്തകാലം നമ്മെ തേടിവരും.ഉന്നതവിദ്യാഭ്യാസത്തിൻെറ പുതിയ പാഠക്രമങ്ങളുംപുതിയ

സാദ്ധ്യതകളും നമ്മെ വളർത്തും തീർച്ച.ലിറ്റിൽ കൈറ്റ്സ് ന് എല്ലാ ഭാവുകങ്ങളും നേർന്നു

കൊണ്ട് നിർത്തുന്നു.



# ഗുരു വന്ദനം


നിളയെനിക്കമ്മെയാകുന്നു
അച്ഛനോ തുഞ്ചത്തെഴുത്തച്ഛനും
ഭൂമി നാദമായി ശബ്ദമായി  കിളിക്കൊഞ്ചലായി
നാവില്ലൂറുന്നു കിളിപ്പാട്ടിന് തേൻ സ്പർശം
ഗുരു സ്പർശനത്താൽ
ഞാനിന്നൊരു
സൗമ്യ  ശാന്ത  ദീപ്തമായൊരു
നന്മ പെയ്തിറങ്ങിയ ഇളം പൈതൽ
സ്വസ്തി  ഹേ  എൻ  ഗുരു ചരണങ്ങളിൽ
എൻ  ഹൃദയ വേണു പാടുന്നു
സ്വസ്തി ഹേ  സ്വസ്തി ഹേ..........



# പ്രഭാത ചിന്തയുടെ ചില ഓർമ്മപ്പെടുത്തലുകൾ




ശാലേം ഗ്രൂപ്പിന്റെ ചിന്താവിഷയം എഴുത്തുകാരനും പ്രിയ സുഹൃത്തും ആയ വക്തിയുടെ വാക്കുകൾ കുട്ടികൾക്ക് വേണ്ടി ഞാൻ കടമെടുത്തു കൊള്ളട്ടെ .മനുഷ്യ ജീവിതത്തിൽ ആർക്കും ഇഷ്ട്ടം തോന്നാത്ത പ്രവർത്തിയാണ് തിരുത്തലുകൾ .ജനിച്ചു വീഴുന്ന കുട്ടിയെ ഡോക്ടർ കയ്യിലെടുക്കുമ്പോൾ മുതൽ തിരുത്തലുകളിൽ ദുഖമുണ്ടാകുന്നു.മാതാപിതാക്കൾ തിരുത്തുമ്പോഴും അധ്യാപകർ തിരുത്തുമ്പോഴും പിന്നീട് ഭാര്യ അല്ലെങ്കിൽ ഭർത്താവു തിരുത്തുമ്പോഴും നമുക്ക് ദേഷ്യം തോന്നാം .എന്നാൽ അമ്പതു കഴിഞ്ഞ മധ്യവയസ്കനോട് തിരുത്തലുകൾ എങ്ങനെ സ്വീകരിച്ചു എന്ന് ചോദിക്കുക അപ്പോൾ അദ്ദേഹം പറയും തിരുത്തലുകൾ എന്നെ എന്നാൽ ആ തിരുത്തലുകൾ തന്നെയാണ് ഞാൻ എന്ന വക്തിയെ രൂപപ്പെടുത്തിയത് .ഈ തിരുത്തലുകൾ ആണ് കൗമാരത്തിലും യൗവനത്തിലും ഉണ്ടായ ഈഗോയെ ഇല്ലാതാക്കിയത് ശിഷ്ടജീവിതത്തിലും നമുക്ക് ഇപ്പോഴും ഈ തിരുത്തലുകളെ സ്വാഗതം ചെയ്യാം.



# കൃഷ്ണനെവിടെ

യദുകുലം കാണാത്ത കൃഷ്ണനെവിടെ



കാത്തിരിക്കുന്ന രാധയെവിടെ


വൃന്ദാവനം തരിശായി

ഇരുൾമൂടി ജാതിപ്പിശാചിനാൽ അന്ധകാരം


താണ്ഡവമാടുന്നു ഇന്നും

പുനർജ്ജനിക്കണം നാം ഇന്ന്

- ഡിക്സൺ കാഡോസ്



# മലയാള കവിത



തുഞ്ചൻെറയോമനതത്തപാടി


ഈരടികളിൽ സംഗീതമായ്

പൂന്താനത്തിൻെറ പൂന്തേൻ തുളുമ്പി

മലയാള നഭസ്സിൽ പൂവിരിഞ്ഞു

നറുതേൻ നുകർന്ന് വളർന്ന്

തുഞ്ചനും കുഞ്ചനും പൂന്താനവും



# പെണ്ണ്




വില പറയാൻ ചന്തയിൽ നിർത്തുന്ന പെണ്ണല്ല ഇന്നിവൾ

വില പേശൽ ഉണ്ട് എല്ലായിടവും

ജാതിയുള്ള പോലെ

പെണ്ണിന്റെ വില അവർ തന്നെ

11

നിശ്ചയിക്കുന്നു

നീറുന്ന നോവിലും

വിരിയുന്ന പൂവിലും

സ്നേഹമായി ഒഴുകി നീ

നാദമായി രാഗമായിഒഴുകുമെന്നുമാ സംഗീതം

# എഴുത്തച്ഛൻ

മഹിയുടെ മഹാത്ചര്യം നീ

മലയാളത്തിൻ

മഹിത സിംഹാസത്തിൽ

ആരുഢനായവൻ

എഴുത്തിൻെറയച്ഛനായി

വാണിടും കേരളമണ്ണിൽ

മാനവഭാഷ തിളങ്ങുമീമണ്ണിൽ

മണ്ണിൻെറ മാല്യ നീക്കി

മന്നിനെ പ്രകാശിപ്പിച്ചവൻ

എഴുലകും വാണിടും

മഹിത പ്രഭാമയൻ എഴുത്തച്ഛൻ



# ഇന്നലെ പെയ്ത മഴ

ഇന്നലെ പെയ്ത മഴയിൽ നീയൊരു

പ്രണയഭാവം ഒളിച്ചു വച്ചു

ചേമ്പിലകുടക്കീഴിൽ

നമ്മളൊരുമിച്ച്

തോണി തുഴഞ്ഞ്

സ്നേഹത്തിൻ കളിവഞ്ചി

മൗനത്തിൻ കളിയോടം


നീന്തി കടന്നു



# പൂമ്പാറ്റ

പൂന്തേനുണ്ണും    പൂമ്പാറ്റേ
പൂവുകൾ  തോറും പാറി നടക്കും
പൂപോലുള്ള  പൂമ്പാറ്റ
മുത്തുകൾ പോലെ ഇലകളിലൊക്കെ
മുട്ടയിടുന്നൊരു പൂമ്പാറ്റേ
പുള്ളിചിറകുള്ള പൂമ്പാറ്റേ
എൻെറ സ്വന്തം പൂമ്പാറ്റേ
എന്നടെ കൂടെ പോന്നൂടേ

ഫൈസൽ



# മിന്നാമിനുങ്ങ്



ഭൂമിയിൽ പിന്നെ കൊച്ചു മിന്നാമിനുങ്ങുഞാൻ
നുറുങ്ങു വെട്ടവുമായി ഞാനുംമെത്തി

പലതുള്ളി പരുവെള്ളം കണക്കെ
ഞങ്ങളോടും പേർ ചേർന്നു നുറുങ്ങു വെട്ടം

കൗമാരം പ്രഭചൊരിയുമത്

ജോസഫ്



# കാക്ക

കാകാകൃതി കനകൃതി കാക്കെ നിന്നുടെ


കുകുകൃതി കുനകൃതി കൂടെവിടെ

മാമാകൃതി മനകൃതി മാവിന്റെ

കോകോകൃതി കൊനകൃതി കൊമ്പത്ത്



അമീർഷാ




# കുഞ്ഞുറുമ്പിന്റെ വീട്

ഇന്നലെ  പെയ്ത മഴയിൽ


കുഞ്ഞുറുമ്പിന്റെ  കാട്ടിലേക്കുള്ള  യാത്ര

മഴകൊണ്ട്പോയി  വീടറിയാതെ  നാടറിയാതെ

മഴയോടൊപ്പം പുഴയായവൾ



- ബിപിൻ






# കടൽ

എൻെറ സുഹൃത്താണ
പക്ഷേ ഇപ്പോൾ അവൻ മരിച്ചിരിക്കുന്നു
അവനെ നമ്മൾ കൊല്ലുന്നുണ്ട്
അവനെ സംരക്ഷിക്കുക
അവൻെറ പേരാണ് കടൽ





# പൂമൊട്ട്

ഒന്നും പറയാതെ യാത്രയായി നീ

പനിനീർ പൂമൊട്ട് വിടരാൻ കൊതിച്ചൂ

ജനിമൃതികൾ കൊഴിയുന്നൂ വീണ്ടും

ഞാനേകനായ് ഈ വനിയിൽ വീണ്ടും

-ഫൈസൽ വഹാബ്





# നദി

അട്ടഹസിച്ച രസിച്ചും

നടന്നു നീങ്ങുന്ന കാട്ടാളർ....

വരും കാലങ്ങളിൽ...

മരമില്ല പുഴയില്ല...

മൃഗമില്ല കാടില്ല ....കിളികളില്ല

ചുറ്റിനും തീക്കനൽ മാത്രം

വറ്റിവരുന്ന കണ്ണുന്നീർ

വേഴാമ്പൽ പോലെ

ഇത് കാടല്ല,

കാടിന്റെ നിഴൽ പോലെ

ഇത് മരമല്ല ,

മരത്തിന്റെ നിഴൽ പോലെ..........




# മഞ്ഞുപെയ്യുന്ന രാവിൽ



മഞ്ഞുപെയ്യുന്ന രാവിൽ
പടിവാതിൽ ചാരി ഞാൻ
മറഞ്ഞു നിൽക്കെ
എരിയുന്ന ദീപമായ്

- സിദ്ദീക്ക്. എസ്



# മനസ്സ്

ഓരോ കടലും മനസ്സുപോലെ

ആഴങ്ങളിൽ തനിച്ചാകുമത്

തീരങ്ങൾ തേടുന്നത് തിരകളിൽ

മൗനത്തിൽ പറഞ്ഞവ

പിരിയുന്ന വേദന

ജനിമൃതികൾക്കിടയിൽ

കൊഴിഞ്ഞു വീണ ഇലകളായ് നമ്മൾ

ഇനിയൊരിക്കലും തനിച്ചല്ല നീ

സ്മൃതികളും ഇന്നലെകളും

നിനക്കായ് കൂടെയുണ്ട്

**-അതുൽ ആർ നാഥ്**



# ഗുരുവും ശിഷ്യനും



കുറ്റിക്കാടുകൾ ഒക്കെ പരതി

വള്ളിക്കാടുകൾ ചുറ്റി കറങ്ങി

മൊട്ടകുന്നുകൾ  കയറി ഇറങ്ങി

വെട്ടി എടുത്തതാണീ ചൂരലുകൾ

നേര് തെളിക്കും ഗുരുവേ

എല്ലാ തരില്ല നിനക്ക് ശിക്ഷകൾ

നാളെ തെളിയും വിണ്ണിൻ ജ്യോതികൾ

നിന്റെ സ്നേഹ ശിക്ഷ തൻ വിത്തുകൾ



# അദ്ധ്വാനത്തിന്റെ മഹത്വം

ഒരു ഗ്രാമത്തിൽ ഒരു കുടുംബം ഉണ്ടായിരുന്നു. അച്ഛനും അമ്മയും മൂന്ന് മക്കളും അടങ്ങുന്ന ഒരു കൊച്ചുകുടുംബം. മൂന്ന് ആൺകുട്ടികളും പ്രസവിച്ച്  കഴിഞ്ഞപ്പോൾ അവരുടെ അമ്മ യാത്രയായി. പിന്നെഅച്ഛനായിരുന്നു മക്കളുടെ താങ്ങും തണലും. സ്വന്തം കുടുംബത്തിനുവേണ്ടി വിയർപ്പും കണ്ണീരും ഒഴുക്കി അധ്വാനിച്ചാണ് അച്ഛൻ മക്കളെ പോറ്റി വളർത്തിയത്. സ്വന്തമായി കൃഷിചെയ്യാൻ സ്വന്തമായുള്ള പുരയിടം അവർക്കുണ്ടായിരുന്നു. വർഷങ്ങൾ കടന്നു പോയി. മൂന്ന്  ആൺമക്കളും വളർന്നു.അച്ഛനു പ്രായവും കൂടി. വളരുന്നതിനനുസരിച്ച് സ്വന്തം പുരയിടത്തിൽ അച്ഛനെ സഹായിക്കാൻ മക്കൾക്ക് തോന്നിയില്ല. മുന്തിരി കൃഷിയായിരുന്നു അച്ഛന് ഉണ്ടായിരുന്നത്. അച്ഛൻ രാവും പകലും കഷ്ടപ്പെടുന്നതൊന്നും മക്കൾ അറിഞ്ഞിരുന്നില്ല. നാളുകൾ കഴിഞ്ഞു. ഒറ്റയ്ക്ക് കഷ്ടപ്പെട്ട് അച്ഛൻ തളർന്ന് അവശനായി. അച്ഛൻ വീട്ടിൽതന്നെ കിടപ്പായി. ഒരു ദിവസം അച്ഛൻ മൂന്ന് ആൺ മക്കളെയും അടുത്തിരുത്തി പറഞ്ഞു. മക്കളെ എനിക്ക് പ്രായം കൂടിവരുകയാണ് എന്റെ കാലശേഷം മക്കൾക്ക് ജീവിക്കാൻ ഞാൻ എന്തെങ്കിലും  തരണ്ടേ ഞാൻ കൃഷി ചെയ്ത മുന്തിരിതോട്ടത്തിൽ ഒരു നിധി കുഴിച്ചിട്ടുണ്ട്.നിങ്ങൾ മൂവരും തൂമ്പ  എടുത്തുകൊണ്ട് കിളയ്ക്കാൻ തുടങ്ങി.പക്ഷേ എത്ര കിളച്ചിട്ടും നിധി അവർക്ക് കണ്ടെത്താനായില്ല.മൂവരും പറഞ്ഞു അച്ഛൻ പറഞ്ഞനിധി എത്ര കുഴിച്ചിട്ടും കണ്ടെത്താനായില്ല.അച്ഛൻ പറഞ്ഞു അപ്പോൾ

നിങ്ങൾ മുന്തിരിതോട്ടം മുഴുവൻ കിളച്ചുമറിച്ചുവല്ലേമക്കളെഞാൻനിധിഉണ്ടെന്ന്പറഞ്ഞത്കള്ളമായിരുന്നു ഇത്രനാളും കുഴിമടിയന്മാരായിജിവിച്ച നിങ്ങൾക്ക് അദ്ധ്വാനത്തിന്റെ മഹത്വം അറിയിക്കാനായിരുന്നു.മൂവർക്കും ഇതിന്റെ പൊരുൾ മനസ്സിലായി.

\- ഡിക്സൺ കാർഡോസ്

# അമ്മ



ഹർത്താൽ ആണ് അമ്മേ ഇന്ന്

അടുക്കള ജാലകം അടച്ചേക്കു

അച്ഛനും പോണ്ട എനിക്കും പോണ്ട

പിന്നെ അമ്മക്ക് എന്തിനീ ധൃതി

പിന്തിരിഞ്ഞൊന്നു നോക്കി മന്ദഹസിച്ചു

ശോകം കയറുന്നു കണ്ണുകളിൽ നനവും

ഈ ഇരു ചക്ര വാഹനത്തിനു

ഹർത്താലുമില്ല ബന്ദുമില്ല

ഒരു നെടുവീർപ്പോടെ തിരിഞ്ഞു നടന്നു



# ചിത്ര ജാലകം



# ജലം

മണ്ണ്  ദാഹാർത്തയായി

സ്നേഹത്തിന് ഉറവ തേടിയ യാത്രയിൽ ഇതെൻ  ഹൃദയജലം

വേദന നൽകിയ നീരുവറ്റിയ കിണറ്റിൽ മണ്ണിന്റെ ഗന്ധമുള്ള ജലം

ജലത്തിന്റെ നീല കണ്ണുകൾ കഥ പറഞ്ഞത്

ബ്രഹ്മ ജലം  പകർന്ന

ഭൂതകാലത്തിന്റെ കഥകൾ

വറ്റിയ കിണർ

ഗർഭം  ഊട്ടാത്ത വയർ പോലെ



# അസ്തമയം

നിറങ്ങളാകെ വാരി വിതറി സൂര്യൻ

സൂര്യകാന്തി പൂവിനെ നോക്കി പുഞ്ചിരിച്ചു

ചെമ്പകപ്പൂവിൻ  ഗന്ധവും

ചൊടികളിൽ  മുങ്ങിയ സുന്ദരി രാവിലുണർത്തിയ ധാത്രിയെ

പൂനിലാവിൽ കുളിപ്പിച്ചൊരുക്കി ഉടയാടകളണിഞ്ഞവൾ

എത്ര സുന്ദരം  എത്ര സുരഭിലം അമ്മയാം പ്രകൃതി



# പഴഞ്ചൊല്ലുകൾ



ഇല ചെന്നു മുള്ളിൽ വീണാലും, മുള്ളു ചെന്ന് ഇലയിൽ വീണാലും കേട് ഇലയ്ക്ക് ആണ് !
ഇല നക്കി നായുടെ ചിരി നക്കി നായ് !
ഇരുന്നിട്ട് വേണം കാല് നീട്ടാൻ!
ഇനാംപേച്ചിയ്ക്ക് കൂട്ട് മരപ്പട്ടി!
ഉപ്പിനോളം വരുമോ ഉപ്പിലിട്ടത്?
ഉപ്പില്ലാ പണ്ടം കുപ്പയിൽ!
ഉപ്പു തിന്നവന് വെള്ളം കുടിയ്ക്കും!
ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം!
ഉരൽ ചെന്നു മദ്ദളത്തോട് പരാതി പറയുന്നു!
എത്തി നോക്കുന്നവന്റെ പുറത്ത് ഏണി വച്ച് നോക്കുന്നവൻ?
എരി തീയിൽ എണ്ണ ഒഴിയ്ക്കുക?
എലിയെ കൊല്ലാന് ഇല്ലം ചുടണോ?
എല്ലു മുറിയെ പണി ചെയ്താൽ പല്ലു മുറിയെ തിന്നാം!
ഒട്ടകത്തിനു സ്ഥലം കൊടുത്ത പോലെ!
ഒത്തു പിടിച്ചാൽ മലയും പോരും!
30-Nov-08 1:23 pm

# താരകങ്ങൾ

മലർമാസരാവും

മധുചന്ദ്രികയും

മധുരിമമാകുമീസന്ധ്യയിൽ

മൂട്ടുപടമണിഞ്ഞു സുന്ദരി

വന്നു നീ വാനിടത്തിൽ

നിൻെറ നേത്രോൽപാലം വിടർന്നു

ചാരുതയാർന്നു മണിമേടയിൽ

നീ തുളുമ്പിനിന്നു



# പൂലരി

ചെന്നിണം പരത്തി കിഴക്കുദിക്കുന്ന സൂര്യൻ ചൊരിയുന്ന വെട്ടം
പൂക്കളിൽ പുഞ്ചിരി വിടർത്തി
സുന്ദര സാഗരം പുലരി
പൂക്കളിൽ തേൻ നുകരാൻ പൂമ്പാറ്റകൾ
പാറിപ്പറക്കാൻ പറവകൾ
നൃത്തം ചവിട്ടും തുമ്പകൾ
നീന്തി തുടിക്കുന്ന മൽസ്യങ്ങളും
എല്ലാവര്ക്കും ആനന്ദം നൽകി
സുന്ദര വർണ പുലരി
മഞ്ഞിൻ തുള്ളിയിലും  പുഞ്ചിരി
ആനന്ദ  സുന്ദര പുലരി



# അറിവിന്റെ നറുങ്ങുകൾ



അമേരിക്കൻ ഐക്യനാട്ടുകളിൽ, മാസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ കമ്പ്യൂട്ടർ വിദഗ്ധനായിരുന്ന റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകനായാണ് ലോകമെമ്പാടും

അറിയപ്പെടുന്നത്.സ്വതന്ത്ര സോഫ്റ്റ്‌വേർ പ്രസ്ഥാനം വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വികസിപ്പിക്കുന്ന ഏതു സാങ്കേതികവിദ്യയും പൊതുസമൂഹത്തിനു പൂർണ്ണമായും ലഭ്യമായിരിക്കണമെന്ന ഉദ്ദേശത്തോടെ പകർപ്പപേക്ഷ എന്ന പുതി... പകർപ്പവകാശ നിയമത്തിന്റെ ... കുറിച്ചത് റിച്ചാർഡ് സ്റ്റാൾമാനാണ്






# സോഫിയ (റോബോട്ട്)




ആർട്ടിഫിഷ്യഇന്റലിജൻസ്) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ചയന്ത്ര <u>മനുഷ്യനാണ്</u> **<u>സോഫിയ</u>**. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്. ഹാൻസെൻ റോബോർട്ടിക്സ് സോഫിയയുടെ നിർമാതാക്കൾ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ . സൗദിയിൽ നടക്കുന്ന ഭാവിനിക്ഷേപസംരംഭ സമ്മേളനത്തിൽ വച്ച് 2017 ഒക്ടോബർ 25 നാണ്  സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകിയത്.




## ലിനസ് ടോർവാൾഡ്സ്

1969 ഡിസംബർ മാസം 28 തീയതി ഫിൻലൻഡിന്റെ തലസ്ഥാനമായ ഹെൽസിങ്കിയിൽ പത്രപ്രവർത്തക ദമ്പതികളായ അന്നയുടെയും നിൽസ് ടോർവാൾഡ്സിന്റെയും മകനായായും, പ്രശസ്ത കവിയായിരുന്ന ഒലേ ടോർവാൾഡ്സിന്റെ ചെറുമകനായുമാണു ലിനസ് ജനിച്ചത്. പ്രശസ്ത രസതന്ത്രജ്ഞൻ ലിനസ് പോളിങ് ആദര സൂചകമായാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ 'ലിനസ്' എന്ന പേരു തെരഞ്ഞെടുത്തത് എന്നു കരുതപ്പെടുന്നുവെങ്കിലും അദ്ദേഹം അവകാശപ്പെടുന്നത് പീനട്സ് എന്ന ഒരു കാർട്ടൂണിലെ ലിനസ് എന്ന കഥാപാത്രത്തിൽ നിന്നാണ് തന്റെ പേരു വന്നത് എന്നാണ്.ഹെൽസിങ്കി സർവ്വകലാശാലയിൽ അദ്ദേഹം 1988 മുതൽ 1996 വരെ പഠിച്ചിരുന്നു; 1996 ൽ കമ്പ്യൂട്ടർ സയൻസിൽ അദ്ദേഹം ബിരുദാനന്തര ബിരുദം നേടി. ഈ കാലയളവിലെ അദ്ദേഹത്തിന്റെ ഒരു പ്രബന്ധമായിരുന്നു "ലിനക്സ്:ഒരു പോർട്ടബിൾ ഓപ്പറേറ്റിംഗ് സിസ്റ്റം (Linux: A portable operating system)




# നാനോടെക്നോളജി




അതിപ്പോൾ തലനാരിഴ കീറി നോക്കേണ്ട കാര്യമൊന്നുമില്ല എന്ന അഭിപ്രായം ഉയരാറുണ്ട് പക്ഷേ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വിപ്ലവം നടക്കുന്നത് തലനാരിഴ കീറി കൊണ്ടാണ് ഒരു മുടിയെ 80000 ആയി പിളർക്കണം കൈകൊണ്ടു സാധിക്കില്ല കൈയ്യുടെ ധർമം സൂഷ്മമായി ചെയ്യിയ്ഹ് തരുന്ന ഉപകരണങ്ങൾ ഉണ്ടായാൽ പ്രശ്നം തീർന്നു പക്ഷേ അത് കാണേണ്ടേ കണ്ണിനു അതിനുള്ള കഴിവില്ല കണ്ണിനേക്കാളും സൂഷ്മമായി ദർശിക്കുന്ന സൂഷമ ദർശിനികൾ വേണം എപ്പോൾ കണ്ണും കൈയുമായി ഇനി അളക്കാൻ ഒരു ഏകകം വേണമതാരം ഏകകങ്ങളിൽ ഒന്നാണ് നാനോമീറ്റർ .കുള്ളൻ എന്ന വക്കിൽ നിന്നാണ് നാനോ എന്ന വാക്കുണ്ടായത് വിവരസാങ്കേതിക വിദ്യ ,മലിന ജല ശ്രുദ്ധീകരണം ഗതാഗതം മരുന്ന് നിർമാണം ചികിത്സ സൗന്ദര്യ വർധന വസ്തുക്കൾ എന്നിവയിൽ വിപ്ലവം സൃഷ്ടിച്ച നാനോടെക്നോളജി വരുന്നു ടെലിഫോൺ ബൂത്ത് വലിപ്പമുള്ള സംസ്കരണശാലയിൽ മഹാനഗരത്തിലെ മാലിന്യ സംസ്കരണം കംപ്യൂട്ടറിന്റെ വലിപ്പം തീപ്പെട്ടി പോലെ ആക്കുക കുഞ്ഞു റോബർട്ട് ശരീരത്തിലൂടെ സഞ്ചരിച്ച കാൻസർ കോശങ്ങൾ കണ്ടെത്തുആ ലൈബ്രറിയിലെ പുസ്തകം മുഴവൻ മൊട്ടു സൂചിയിൽ ആക്കുക നാനോകിഴലുകൾ ഉപയോഗിച്ച് സിമെന്റിലെ വിള്ളലുകൾ അടക്കുക അന്തരീക്ഷ മാലിന്യം തനിയെ മാറ്റപ്പെടും ഏതൊരു സാങ്കേതിക വിദ്യക്കും ഗുണവും ദോഷവും ഉള്ളത് പോലെ ഏതിനും തൊഴിൽ മേഖലകൾ നഷ്ടപ്പെടുമെന്ന ദോഷം ഉണ്ട് ഇന്ത്യയിൽ നാനോടെക്നോളജിയിൽ നാനോടെക്നോളോജിയുടെ സാധ്യതകൾപ്രയോജനപ്പെടുത്തേണ്ടി ഇരിക്കുന്നു

## കണക്കിലെ കളികൾ

# ഇതിൽ എത്ര ത്രികോണങ്ങൾ ഉണ്ട്



ഈ ചിത്രം വരയ്ക്കണം വരച്ചു തുടങ്ങിയാൽ കടലാസ്സിൽ നിന്ന് പേന  എടുക്കാൻ പാടില്ല





# ആഗോളവൽക്കരണം


ലോക രാജ്യങ്ങളെ ഉൾകൊള്ളുന്ന ഒരു സ്വതന്ത്ര വിപണി രൂപപ്പെടുത്തുക ആർക്കും എന്തും എവിടെയും വിൽക്കാം വാങ്ങാം ലോകത്താകമാനമുള്ള രാജ്യങ്ങളുടെ പരസ്പരാശ്രിത സാമ്പത്തിക വളർച്ചയാണ് ആഗോളവൽക്കരണം കൊണ്ട് അർഥമാക്കുന്നത് ഇത് മൂലം ഗുണവും ദോഷവും ഉണ്ട്.സാങ്കേതിക വിദ്യകൾ രാജ്യങ്ങൾക്കിടയിൽ സ്വതന്ത്രമായി വാർത്താവിനിമയ വിവര സാങ്കേതിക രംഗങ്ങളിൽ  വളർച്ച ഉണ്ടായി .എന്നാൽ സാമൂഹിക  മേഖലയിൽ നിന്നുമുള്ള മൂലധന നിക്ഷേപം സർക്കാർ കുറച്ചു സബ്സിഡികൾ വെട്ടിച്ചുരുക്കി ഇത് സ്വകാര്യ ഏജൻസികളുടെ കടന്നു കയറ്റത്തിനും നിരക്ക് വർധനവിനും  കാരണമായി .



നന്ദി

E മാഗസിൻ രൂപപ്പെടുത്താൻ സഹായിച്ച എന്റെ പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടും കവിയും "പെയ്തൊഴിയാതെ "എന്ന കവിത സമാഹാരത്തിന്റെ കർത്താവുമായ ശ്രീമതി ആനി ടീച്ചർക്കും സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിച്ചു കൊണ്ട്

കൈറ്റ് മാസ്റ്റർ



# പ്രവാസി




ഒരു നാടകത്തിന് സ്വപ്നം പോൽ മിന്നി മറഞ്ഞവ
പ്രവാസിതൻ സ്നേഹമേ
വീണു കിട്ടുന്ന ഇട്ടുകൾ
സ്വരൂപിച്ചു തീർത്ത  സൗധത്തിൽ
എത്ര കാലം ഇങ്ങനെ
നീരും ഓർമകളും കൈ പിടിച്ചു നടത്തുന്ന വീഥികളിലൂടെ
എൻ തൂലിക തുമ്പിൽ നിൻ ചിത്രങ്ങൾ വെണ്ണുരുകുന്നു
വർണ്ണങ്ങളായി ഒരിക്കലും  പടി കടന്നു വരാത്ത കാലമേ
ഇനി നമുക്കായി തരില്ലയൊന്നും
നിന്നിലെ നീ ഇന്നെവിടെ
പുതിയ പടവുകളിൽ നീ സ്വപ്നങ്ങൾ നെയ്തെടുക്കു